# വൈലോപ്പിള്ളി

## റൊമാൻറിസ റിയലിസത്തിലെ സംക്രമപുരുഷൻ

**വാസുദേവ് പുളിക്കൽ**

മലയാളത്തിലെ "ശ്രീ" എന്നാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ അറിയപ്പെടുന്നത്. ക്ലാസിക് ചിന്താഗതിയിൽ നിന്ന് വിട്ടുമാറി കാല്പനികതയിലും റിയലിസത്തിലും ഊന്നിയാണ് വൈലോപ്പിള്ളിയുടെ കാവ്യപ്രതിഭ വികസിച്ചു വന്നത്. ആധുനിക മലയാളകവിതയുടെ റൊമാൻറിസ റിയലിസ പ്രസ്ഥാനത്തിൻെറ സംക്രമസ്ഥാനത്ത് സംക്രമപുരുഷനായി നിൽക്കുന്ന കവിയായിട്ടാണ് നിരൂപകർ വൈലോപ്പിള്ളിയെ വിശേഷിപ്പിക്കുന്നത്. റൊമാൻറിസത്തിൻെറ ചായക്കൂട്ടു കൊണ്ട് തൻെറ കവിതകൾ വർണ്ണശബളമാക്കുന്നതിനേക്കാൾ ജീവിതത്തിൻെറ പരുപരുത്ത യാഥാർത്ഥ്യങ്ങളെ ഭാവസുന്ദരമായി അവതരിപ്പിക്കുന്നതിലാണ് വൈലോപ്പിള്ളി കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്. അതുകൊണ്ടായിരിക്കണം മൃദുല പദങ്ങളുടെ തുള്ളിച്ചാട്ടം വൈലോപ്പിള്ളിക്കവിതയിൽ കാണാത്തത്. അർത്ഥത്തെ ധ്വനിപ്പിക്കാൻ കെൽപ്പുള്ള പദഘടനക്കാണ് വൈലോപ്പിള്ളി പ്രാധാന്യം നൽകിയത്.

യാഥാർത്ഥ്യങ്ങളെ അപ്പടി പകർത്തി രചനകളെ വിരസമാക്കാൻ കവിക്ക് മനസ്സില്ലെന്ന് ഓരോ കവിതയും വ്യക്തമാക്കുന്നുണ്ട്. കാല്പനികതയും യാഥാർത്ഥ്യവും തമ്മിലുള്ള ഒരു സമന്വയചന്തം കവിതകൾക്ക് മേന്മയും അതേസമയം കരുത്തും പകരുന്നു. ജീവിതത്തിൻെറ ഓരോ സ്പന്ദനവും കാതോർക്കുന്ന കവിക്ക് അതിലെ വ്യത്യാസങ്ങൾ എളുപ്പം മനസ്സിലാകുന്നു. അവ വെറുതെ വാക്കുകളിൽ പകർത്തുന്നതിൽ അർത്ഥമില്ലെന്ന ബോധമുള്ള കവി അവയെ ആവിഷ്ക്കരിക്കുന്ന രീതിയിലൂടെ കാല്പനികതയും യാഥാർത്ഥ്യവും തമ്മിലുള്ള ലയനം കാണിച്ചു തരുന്നു. ആ രണ്ടു പ്രസ്ഥാനങ്ങളുടേയും നടുവിൽ നിന്ന് കാവ്യസൗന്ദര്യങ്ങൾ കാണുന്ന കവിയാണ് ശ്രീ. ആ സൗന്ദര്യസങ്കല്പങ്ങൾക്ക് കൂട്ടിരിക്കാൻ ആഗ്രഹിച്ചിരുന്നതു കൊണ്ട് പൂർവ്വ കവികളേയോ സമകാലിക കവികളേയോ അനുകരിക്കുകയോ അവരുടെ സ്വാധീനം സ്വന്തം കവിതകളിൽ വരാൻ അനുവദിക്കുകയോ ചെയ്യാതെ തൻേറതായ വ്യക്തിമുദ്ര ഓരോ കവിതയിലും അദ്ദേഹം കൊത്തി വച്ചു. കവി സൗന്ദര്യാരാധകനായിരുന്നുവെങ്കിലും സൗന്ദര്യത്തിൻെറ അടിമത്തം പേറി കാല്പനിക സങ്കല്പങ്ങളുടെ മധു കവിതകളിൽ നിറക്കാൻ അദ്ദേഹം ശ്രദ്ധിച്ചില്ല. കാലത്തിൻെറ മാറ്റങ്ങൾ അനുസരിച്ച് കാവ്യാത്മകതയുടെ പുതുമകൾ അദ്ദേഹം കവിതയിൽ ചേർത്തു വച്ചു. ആ പുതുമകളാകട്ടെ യാഥാർത്ഥ്യങ്ങളോട് വളരെ ബന്ധപ്പെട്ടവയായിരുന്നു. തന്മൂലം അദ്ദേഹത്തിൻെറ കവിതകൾ തലമുറകളിലൂടെ യഥേഷ്ടം സഞ്ചരിക്കുന്നു. സൗന്ദര്യത്തിൽ നിത്യസത്യം കൂടി കാണുമ്പോഴാണ് കവി കാല്പിനികതയുടെ വശ്യതയിൽ നിന്ന് ഒഴിഞ്ഞു മാറി യാഥാർത്ഥ്യത്തിൻെറ വഴിയിലേക്ക് വരുന്നത്. കാല്പനികതയുടെ ഭംഗിയും യാഥാർത്ഥ്യങ്ങളുടെ രൂപവും സൗന്ദര്യദർശനവും ചേരുമ്പോൾ കവിത ഈടുറ്റതാകുന്നു. കാല്പിനികതക്കും യാഥാർത്ഥ്യത്തിനുമിടയിൽ ഒരു പാലമിട്ടപോലെ എന്ന് പറയാൻ കഴിയില്ല. കാരണം, യാഥാർത്ഥ്യത്തിന് കവി മുൻതൂക്കം കൊടുക്കുന്നു. ഒരു ഉദാഹരണം

'തുടുവെല്ലാമ്പൽ പൊയ്കയല്ല ജീവിതത്തിൻെറ
കടലെ കവിതക്ക് ഞങ്ങൾക്ക് മഷിപ്പാത്രം.'

ഈ കവിയുടെ സൗന്ദര്യദർശനത്തിനും ചില സവിശേഷതകളുണ്ട്. മറ്റു കവികൾ കുയിലിനേയും മയിലിനേയും പറ്റി പാടുമ്പോൾ വൈലോപ്പിള്ളി കാക്കയെ പറ്റി പാടി. കൂരിരുട്ടിൻെറ കിടാത്തിയെന്നാൽ സൂര്യപ്രകാശത്തിനുറ്റ തോഴി. ഇരുട്ടും പ്രകാശവും പരസ്പരം ബന്ധപ്പെടുന്ന ഒരു ശക്തിയായി കാക്കയെ നമുക്ക് കാണാം. സ്വയം ഇരുട്ടാണെങ്കിലും പ്രകാശത്തിൽ മാത്രം പ്രത്യക്ഷപ്പെടുന്ന പക്ഷി പ്രകാശത്തിലേക്ക് പറന്നു വരുന്ന ഇരുട്ടിൻെറ ഒരു കീറാണെന്ന് ആരും ശ്രദ്ധിക്കാൻ വഴിയില്ല. എന്നാൽ വൈലോപ്പിള്ളി അത് കാണുന്നു. പരുപരുക്കൻ യാഥാർത്ഥ്യങ്ങളെ മുഷിപ്പിക്കാതെ വിവരിക്കുമ്പോൾ നമ്മൾ അതിൽ കാല്പിനികതയുടെ രസവും സൗന്ദര്യദർശനവും കാണുന്നു.

കുട്ടികൾ പൂ പറിക്കുന്നത് കണ്ട് അത് പൂക്കളം ഒരുക്കാനായിരിക്കും എന്ന ധരിച്ച കവി പിന്നീട് അറിയുന്നു പൂക്കൾ വിറ്റു കിട്ടുന്ന കാശിന് വല്ലതും വാങ്ങി കഴിക്കാനാണെന്ന്. ഈ യാഥാർത്ഥ്യത്തേയും കവി മനോഹരമായ ഒരു കവിതയാക്കി. വാസ്തവത്തിൽ ജീവിതത്തിൻെറ വിവിധ രംഗങ്ങൾ കാണുന്ന കവിക്ക് അതെ കുറിച്ച് പറയാതിരിക്കാൻ നിവൃത്തിയില്ല. അനുഭൂതികളുടെ ലോകത്തിലേക്ക് പറന്ന് ചെന്ന് അവിടെന്ന് കുറെ വർണ്ണങ്ങൾ ശേഖരിച്ച് ചാരുതയാർന്ന പദങ്ങളുടെ അകമ്പടിയോടെ ആകർഷകമായി എഴുതി അനുവാചകരെ ആനന്ദിപ്പിക്കുന്നവരെപ്പോലെ തന്നെ യാഥാർത്ഥ്യങ്ങളെ കാവ്യാത്മകമാക്കി അദ്ദേഹം വിവരിക്കുമ്പോൾ അത് അസ്വാദ്യകരമാകുന്നു.

'നാല് മുക്കാലോ മറ്റോ നൂറു പൂ വിറ്റാൽ കിട്ടും
മാല കോർക്കാനാണെത്രെ വല്ലതും വാങ്ങി തിന്നാം.'

കുട്ടികൾ പറിച്ചെടുക്കുന്ന പൂക്കൾ അവരുടെ കൂടയിൽ കിടന്ന് വാടുന്നു. കുട്ടികളും അതേ പോലെ വിശപ്പുകൊണ്ട് വാടുന്നു. പൂക്കളും കുട്ടികളും കളങ്കമറിയാത്തവർ. പൂ പോലെ മൃദുലമായ കുഞ്ഞുമനസ്സുകളിൽ പൂ വിറ്റു കിട്ടുന്ന പണം കൊണ്ട് വിശപ്പടക്കാമെന്ന മോഹമാണ്. അവർ ഉത്സാഹത്തോടെ കൂടയിൽ പറിച്ചു കൂട്ടുന്ന പൂക്കൾ വാടിക്കരിഞ്ഞു പോകുമ്പോൾ അവരുടെ മോഹങ്ങളും കൊഴിഞ്ഞു പോകും. ഈ കവിതയിൽ കുട്ടികളുടെ ദുരിതത്തെക്കുറിച്ച് വിവരിക്കുന്നില്ലെങ്കിലും നമുക്കത് മനസ്സിലാകുന്നു. പൂക്കൾ വിറ്റ് കാശാക്കുന്ന കച്ചവടതന്ത്രത്തെ കുറിച്ച് സൂചന തരുമ്പോൾ എളുപ്പം അതിന് പ്രലോഭിതരാകുന്ന കുട്ടികളെ പറ്റി വിവരിക്കുന്നത് വായനക്കാരിൽ ജീവിതത്തിൻെറ സങ്കീർണ്ണതയെ കുറിച്ചും സ്വപ്നങ്ങളുടെ പിറകിലുള്ള യാഥാർത്ഥ്യത്തെ പറ്റിയും ഒരു ഉൾക്കാഴ്ച്ച ജനിപ്പിക്കുന്നു.

ചിറ്റൂരപ്പന് എണ്ണ കൊണ്ടുപോകുന്ന പുഴുക്കളെ ദ്രോഹിക്കരുത് എന്ന ഒരു കവിതയുണ്ട്. കുട്ടിയായിരിക്കുമ്പോൾ അമ്മയിൽ നിന്നും കേട്ട കഥയിലെ പുഴുക്കളാണവ. വലുതായപ്പോൾ അതിൻെറ സത്യാവസ്ഥ മനസ്സിലായെങ്കിലും അവയെ ഉപദ്രവിക്കാൻ തോന്നിയില്ല. എല്ലാ ജീവികളും ഓരോ ലക്ഷ്യവുമായി ജീവിതത്തിലൂടെ കടന്നു പോകുമ്പോൾ അവരെ ഉപദ്ര

വിക്കരുത് എന്ന സന്ദേശം കവി പകരുന്നു. പ്രകടമായ സൗന്ദര്യമുള്ള ഒരു വസ്തുവിൽ ആകൃഷ്ടനാകുമ്പോൾ കവിയുടെ മനസ്സിൽ ഊറി വരുന്ന ചിന്തകൾ പൂർണ്ണമല്ലെന്ന് തോന്നിയതിനാൽ ആ സൗന്ദര്യത്തിനപ്പുറം എന്താണെന്ന് അറിയാനുള്ള ഒരു ജിജ്ഞാസുവായി കവി മാറുന്നു. അങ്ങനെയുള്ള അദ്ദേഹതിന്റെ നിർദ്ദോഷ അന്വേഷണങ്ങൾ മൂലം പലപ്പോഴും യാഥാർത്ഥ്യ ത്തിന്റെ മറ്റൊരു മുഖം അദ്ദേഹത്തിന് തെളിഞ്ഞു കിട്ടിയിട്ടുണ്ട്. വായനക്കാരൻ ഒരു ഞെട്ടലോടെ അത്തരം നഗ്നസത്യങ്ങൾ കണ്ടറിയുമ്പോൾ കവി ഒരു സന്ദേശം പകർന്നു തരുന്നു. അരിയില്ലാഞ്ഞിട്ട് എന്ന കവിത മരണത്തിന് പിന്നിലെ ഒരു മഹാ രഹസ്യം വെളിവാക്കുമ്പോൾ നമ്മൾ വേദനിക്കുന്നതോടൊപ്പം തന്നെ നമ്മിൽ ഒരു ഞെട്ടലും അത്ഭുതവും അതുളവാക്കുന്നു. വളരെ ചെറിയ ഒരു സംഭവമാണ് കവിതയുടെ ആശയം. എന്നാൽ അതിന്റെ ശില്പഘടന എത്രയോ മനോഹരമായിരി ക്കുന്നു. മറ്റു കവികളിൽ കാണാത്ത ഒരു സവിശേഷതയാണ് ഈ കവിതയിൽ വൈലോപ്പിള്ളി പ്രകടമാക്കുന്നത്.

കാല്പനികതയുടേയും യാഥാർത്ഥ്യത്തിന്റേയും സംഗമസ്ഥാനത്ത് ഈ കവി തന്റെ സ്ഥാനം ഉറപ്പിക്കുന്നത് അദ്ദേഹ ത്തിന്റെ പല കവിതകളിലും കാണാവുന്നതാണ്. എവിടെ പോയാലും ഇത്തിരി കൊന്നപ്പൂവും ഗ്രാമത്തിന്റെ വിശുദ്ധിയും മനസ്സിൽ കരുതണമെന്ന് വായനക്കാരോട് പറയുന്ന കവി തന്നെ ഗ്രാമത്തെ കുറിച്ച് പറയുമ്പോൾ അവിടത്തെ മനോഹാരിത മാത്രമല്ല വരികളിൽ നിറക്കുന്നത്. ഗ്രാമമായാലും നഗരമായാലും പണമുള്ളവരുടെ ജീവിതത്തിൽ പ്രയാസങ്ങൾ കുറയുന്നു. അല്ലാത്തവർ ജീവിക്കാൻ വേണ്ടി കണ്ടെടുത്ത ജീവിതമാർഗ്ഗങ്ങൾ പലപ്പോഴും നന്മയുടേതല്ല. ഗ്രാമത്തിനടുത്തു തന്നെ വേശ്യാ വാടങ്ങളുണ്ട്, ശവപ്പറമ്പുണ്ട്, യാചകകേന്ദ്രങ്ങളുണ്ട്. ജീവിതത്തിന്റെ മധുരം നുകരുന്നവർ മാത്രമല്ല കയ്പ്പുനീരു കുടിക്കുന്ന വരുമുണ്ടെന്ന് എഴുതാൻ കവിക്ക് വിഷമമില്ല. എഴുത്തിലുള്ള ആത്മാർത്ഥതയും സത്യസന്ധതയും കവി പൂർണ്ണമായി പാലിച്ചു. ഒരു കവിതയും ഭാവനകൊണ്ടു മാത്രം എഴുതിയതല്ല. ഭാവനാലോലുപനായി എഴുതിയിരുന്നെങ്കിൽ സത്യത്തിന്റെ മുഖം വ്യക്തമാകാതെ പോകുമായിരുന്നു.

'മരണം കനിഞ്ഞോതി' എന്ന കവിതയിൽ ജീവിതസത്യത്തിലേക്ക് വിരൽ ചൂണ്ടുന്നത് നോക്കു

'മരണം കനിഞ്ഞോതി,
സർവ്വവും വെടിഞ്ഞു നീ
വരണം, സമയമായ്,
വിളക്കു കെടുത്താം ഞാൻ'

മരണത്തിന്റെ പിന്നാലെ 'നിഴലായ് കൂടെ നീണ്ട പാതയിലൂടെ' നടക്കുമ്പോഴും റൊമാൻറിക് ജീവിതത്തിന്റെ മധു നുകരാ നുള്ള ആസക്തി ബാക്കി നിൽക്കുന്നു എന്നും കവി വെളിപ്പെടുത്തുന്നുണ്ട്

എങ്കിലുമെടുത്തേൻ ഞാൻ
ഗൂഢമെൻ കന്നിക്കാതൽ
പ്പെൺ കൊടിയാൾ തൻ കൊച്ചു
മധുര സ്മൃതി മാത്രം.

ചങ്ങമ്പുഴയുടെ കാല്പിനിക ശൈലിയിലേക്ക് വൈലോപ്പിള്ളി വഴുതി വീഴുന്നു എന്ന് "പുല്ലുകൾ" എന്ന കവിതയിലെ ചില വരികൾ ഉദ്ധരിച്ചുകൊണ്ട് ആരോപണങ്ങൾ ഉന്നയിച്ച നിരൂപകന് വൈലോപ്പിള്ളി മറുപടി നൽകുന്നുണ്ട്. "പുല്ലുകൾ എന്ന കവിതയിലെ നായകൻ ചങ്ങമ്പുഴയാണ്. ഇടപ്പള്ളി ഗ്രാമപ്രദേശത്തിന്റെ സന്താനമാണെന്ന് ഞാൻ കരുതുന്ന ചങ്ങമ്പുഴ ശിലകളുടെ കാനനമായ പട്ടണത്തിൽ (തൃശൂരിൽ) ബിസ്സിനസ്സുകാരുടേയും കുടിയന്മാരുടേയും മറ്റും കൂട്ടുപിടിച്ച് സ്വന്തം ശാലീ നതയെ വിറ്റു തിന്ന് ആത്മാവുകൊണ്ട് മരിച്ചതിൽ അയൽക്കാരനായ ഒരടിയനും കൂട്ടുകാർക്കുമുള്ള ദുഃഖമാണ് ഈ കവിത. ഇതിൽ ചങ്ങമ്പുഴക്കവിതയുടെ മാധുര്യമെന്ന് വിചാരിക്കുന്നത് പച്ചപ്പുല്ലു പോലുള്ള എന്റെ തന്നെ ശൈലി രുചിച്ചു നോക്കു മ്പോൾ തോന്നുന്ന ഇളം മധുരമാണെന്നാണ് എന്റെ അഭിപ്രായം. ചങ്ങമ്പുഴയുടെ മാസ്മര ശൈലിയിൽ ഞാൻ എന്നെങ്കിലും പെട്ടു പോയിട്ടുണ്ടെന്ന് തോന്നുന്നില്ല". കവി പിന്നീടൊരിക്കൽ പറഞ്ഞു, "യുഗപരിവർത്തനത്തിൽ ഞാൻ സംബോധന ചെയ്യു ന്നത് എന്റെ സാക്ഷാൽ സഹധർമ്മിണിയെയാണ്. കവിതയെയല്ല. കെ. പി. ശങ്കരന്റെ ഒരു മിഥ്യാ സങ്കല്പമാണ് മറ്റു നിരൂ പകരെ ഈ സ്വപ്നത്തിലൂടെ തിരിച്ചുവിട്ടതെന്ന് തോന്നുന്നു. കവിതയെ കാമിനിയാക്കി ആ പ്രതീകത്തോടൊപ്പം സർക്കിട്ടടി ക്കുന്ന തരമല്ല ഞാൻ. പ്രതീകങ്ങളിൽ എനിക്ക് വലിയ പ്രിയമില്ല." നിരൂപകർക്ക് എഴുത്തുകാരന്റെ വിചാര വികാരങ്ങളുമായി താദാത്മ്യം പ്രാപിക്കാൻ സാധിക്കാതെ വരുമ്പോൾ അവരുടെ കണ്ടെത്തലുകളിൽ അപാകതയുണ്ടാകുമെന്ന യാഥാർത്ഥ്യം വൈലോപ്പിള്ളി വെളിപ്പെടുത്തുന്നു. നിരൂപണ സാഹിത്യത്തിൽ അവസാനവാക്കില്ല എന്നാണല്ലോ പറയുന്നത്.

വൈലോപ്പിള്ളി വിരിയിച്ചെടുത്ത കവിതാപുഷ്പങ്ങൾ ജീവിതത്തിന്റെ വൈവിദ്ധ്യമാർന്ന തലങ്ങളെ സ്പർശിക്കുന്നതാണ്. വൈലോപ്പിള്ളിക്കവിതകൾ എന്ന് പറയുമ്പോൾ പലരുടേയും ഓർമ്മയിൽ തെളിഞ്ഞു വരുന്നത് സഹൃദയരുടെ കണ്ണുകൾ നനച്ച, അവരുടെ വികാരങ്ങളെ ഇളക്കി മറിച്ച 'മാമ്പഴം' എന്ന കവിതയാണ്. കവിക്ക് അനുവാചകമനസ്സിലും കാവ്യരംഗത്തും സ്ഥിരപ്രതിഷ്ഠ നേടാൻ സഹായിച്ച കവിത എന്നും മാമ്പഴത്തെ വിശേഷിപ്പിക്കാം. അങ്കണത്തൈമാവിൽ നിന്നാദ്യത്തെ പഴം വീഴ്കേ, അമ്മ തൻ നേത്രത്തിൽ നിന്നുതിർന്ന ചുടുകണ്ണീർ ഹൃദയം പൊട്ടിയൊലിച്ച രക്തത്തുള്ളികളായി ഓരോ വായനക്കാ രനും അനുഭവപ്പെടാൻ പാകത്തിന് വികാരതീവ്രത ജ്വലിക്കുന്ന കവിതയാണ് മാമ്പഴം. ഉണ്ണിക്കിടാവിന്റെ കുസൃതികൾക്ക് കടിഞ്ഞാണിട്ട് അവനെ വേദനിപ്പിച്ച ഒരമ്മയുടെ തേങ്ങലുകളുടെ വേലിയേറ്റമാണ് നമ്മൾ മാമ്പഴത്തിൽ കാണുന്നതെങ്കിൽ 'ഉജ്ജ്വല മുഹൂർത്തം' എന്ന കവിതയിൽ ആത്മസംതൃപ്തിയുടെ ആനന്ദാനുഭൂതിയിൽ എല്ലാം മറന്നു നിൽക്കുന്ന അമ്മയെ കാണാം. രാമായണത്തിൽ നിന്ന് ഇതിവൃത്തമെടുത്ത് എഴുതിയ ഭാവോജ്ജ്വലമായ കവിതയാണ് 'ഉജ്ജ്വല മുഹൂർത്തം'. വനവാസകാലത്ത് അത്രിമുനിയുടെ ആശ്രമത്തിലെത്തിയ സീതയെ ഒരു മകളില്ലാത്ത മുനിപത്നിയായ അനസൂയ സ്വന്തം മകളെ പോലെ കണക്കാക്കുന്നു. അനസൂയയെ ഭുമിദേവിയായിട്ടാണ് സങ്കല്പിച്ചിരിക്കുന്നത്. ഭൂമിദേവിക്ക് ഏതൊരു പെൺകുട്ടിയും മകളാണ്. ഭുമി തന്റെ മക്കളുടെ ക്ഷേമത്തിനായി എല്ലാം ഒരുക്കിക്കൊടുക്കുന്നതു പോലെ അനസൂയ സീതയുടെ സുഖവും സന്തോഷവും ആഗ്രഹിക്കുന്നു.

'ദീർഘമാം തപസ്സിനാൽ നേടിയ കരുത്തുണ്ടെൻ
വാക്കിന് നിനക്കു ഞാനെന്തു ചെയ്യേണ്ടു ഭദ്രേ'

എന്ന് വാത്സല്യത്തോടെ ചോദിച്ചുകൊണ്ട് അനസൂയ സീതയെ ആടയാഭരണങ്ങളണിയിച്ച് മനോഹരിയാക്കി.

'അന്തരാ കൃതാർത്ഥയായ്, പൊൺ മകളുടെ വേളി
പ്പന്തലിൽ നിൽക്കും പോലെ പുളകം പൂണ്ടു വൃദ്ധ.'

സർവ്വാഭരണഭുഷിതയായി കല്യാണപ്പന്തലിൽ നിൽക്കുന്ന മകളെ കാണുമ്പോഴുള്ള അമ്മയുടെ അനുഭൂതിയും മാതൃഭാവത്തിൻെറ ഉദാത്തതയും മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. മാതൃസ്നേഹത്തിൻെറ ശീതളച്ഛായയിലും സംരക്ഷണയിലും ആശ്വാസം കണ്ടെത്താത്തവരുണ്ടോ. പലരും നമ്മേ ശുശ്രൂഷിക്കാൻ ഉണ്ടെങ്കിലും 'പരമിതുപോലെയാരിനി സ്നേഹിപ്പാൻ' എന്ന് അമ്മയുടെ നിസ്തുല സ്നേഹത്തിൻെറ മധുരം നുണഞ്ഞിട്ടുള്ള ഏതൊരാളും ചോദിച്ചു പോകും.

വൈലോപ്പിള്ളിയുടെ ജീവിതദർശനത്തിൻെറ ഭാഗമാണ് ശുഭാപ്തി വിശ്വാസം. ആ സവിശേഷത പല കവിതകളിലും അന്തർധാരയായി ഒഴുകുന്നുണ്ട്. ആസാം പണിക്കാരിൽ ജോലി അന്വേഷിച്ച് ആസാമിലേക്ക് തീവണ്ടി കയറിയ ഒരു കൂട്ടം മലയാളികൾ ജന്മനാടിൻെറ സവിശേഷതകളെപറ്റി അഭിമാനിക്കുന്നുണ്ടെങ്കിലും അവയിലൊന്നും അവരിപ്പോൾ ആകൃഷ്ടരല്ല. തൊഴിലില്ലായ്മ മൂലം പട്ടിണി കൊണ്ട് നട്ടം തിരിയുന്ന അവർ ആസാമിൽ എത്തി വേല ചെയ്താൽ വിശപ്പടക്കാനും കുടുംബം പുലർത്താനുമുള്ള വക കിട്ടുമെന്ന് സമാധാനിച്ചു കൊണ്ട് പറയുന്നു

'കടന്നൊക്കെത്തട്ടിക്കളഞ്ഞ് പായട്ടെ കനത്ത തീവണ്ടിയിരുമ്പിൻെറ മുഷ്ടി.'

കടൽ കാക്കയിലെ

'കൊള്ളാൻ, വല്ലതുമൊന്ന് കൊടുക്കാ
നില്ലാതില്ലൊരു മുൾച്ചെടിയും
ഉദയക്കതിരിനെ മുത്തും മാനവ
ഹൃദയപ്പനിനീർപ്പൂന്തോപ്പിൽ'

എന്ന വരികളിലും ശുഭാപ്തി വിശ്വാസത്തിൻെറ സ്ഫുരണം കാണാം.

വൈലോപ്പിള്ളിയുടെ കാവ്യപ്രപഞ്ചത്തിൻെറ ഒരു കോണിൽ ഒന്നു സ്പർശിക്കുക മാത്രമെ ഇവിടെ ചെയ്തിട്ടുള്ളു. പല ജീവിതതത്ത്വങ്ങളും പ്രകാശിപ്പിച്ചു കൊണ്ട് വൈലോപ്പിള്ളി വിരിയിച്ചെടുത്ത കവിതാപുഷ്പങ്ങളുടെ സൗന്ദര്യവും സുഗന്ധവും സാഹിത്യ നഭോമണ്ഡലത്തിൽ എന്നെന്നും നിലനിൽക്കും.

( രണ്ടു വർഷം മുമ്പ് പ്രസിദ്ധീകരിച്ച ലേഖനം)